# ചില സാമൂഹ്യപദ്ധതികൾ

( J. K. )

വിശക്കുന്നവരുടേയും വിഷമത അനുഭവിക്കുന്നവരുടേയും പ്രശ്നങ്ങൾ രൂക്ഷതരമായിരിക്കുന്ന ഇന്നത്തെ പ്രതിസന്ധിയിൽ പ്രശ്ന പരിഹാരത്തിനുള്ള അടിയന്തിര യത്നത്തിൽ സഭയ്ക്കുള്ള പങ്കിനെപ്പററി കോട്ടയം രൂപതയിലെ ദൈവജനം ബോധവാന്മാരാണ്. ജൂബിലേറിയനായ രൂപതാദ്ധ്യക്ഷൻ റൈററ് റവ. ഡോക്ടർ തോമ്മസ് തറയിൽ തിരുമനസ്സിലെ നേതൃത്വത്തിൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽ പ്രാവർത്തികമായി കഴിഞ്ഞിട്ടുള്ളതും പൂർത്തിയായിക്കൊണ്ടിരിക്കുന്നതുമായ വിവിധ സാമൂഹ്യപദ്ധതികൾ അതിനു തെളിവുകളാണ്.

'സ്വയം സഹായിക്കുന്നവരെ ദൈവം സഹായിക്കുന്നു' ('God helps those who help themselves') എന്ന ആപ്തവാക്യം മുൻനിർത്തി സ്വാശ്രയബോധത്തോടുകൂടി സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കുന്നതിനു പ്രാപ്തരാക്കുന്നതിനു പാവപ്പെട്ടവരെ സഹായിക്കുകയാണ് ഈ പദ്ധതികളുടെയെല്ലാം തന്നെ ലക്ഷ്യം.

സംഘടിതമായ കുടിയേററംവഴി കുറഞ്ഞ വിലയ്ക്കും സൗകര്യപ്രദമായ വ്യവസ്ഥയിലും വടക്കെ മലബാറിൽ സ്ഥലം വാങ്ങി ഭാവി കെട്ടിപ്പടുക്കുവാൻ ഏതാണ്ട് 1800 സാധു കുടുംബങ്ങളെ സഹായിച്ച രൂപതയിലെ കോളനിപ്രസ്ഥാനവും സ്വന്തം വീടില്ലാത്തവർ വീട് വയ്ക്കാൻ വേണ്ടിവരുന്ന ചെലവിന്റെ പകുതിയോ മൂന്നിലൊരു ഭാഗമോ ഉണ്ടാക്കാൻ തയാറാകുമ്പോൾ ബാക്കികൂടി നൽകി ഇതിനോടകം 350 കുടുംബങ്ങളെ വീടുവയ്ക്കാൻ സഹായിച്ച രൂപതയിലെ ഭവനനിർമ്മാണപദ്ധതിയും ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവയാണ്. അവയെപ്പററി അന്യത്ര പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ കൂടുതലായി വിവരിക്കുന്നില്ല.

സ്വാശ്രയബോധത്തിൽ വളർത്തുവാൻ സഹായിക്കുന്ന വേറൊരു പദ്ധതിയാണ് മലബാറിൽ അലക്സ് നഗർ കോളനിയിൽ നടമ്പത്തു് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന റബർ പ്ലാന്റേഷൻ പദ്ധതി. ചെറുകിട കർഷകർക്കു് തങ്ങളുടെ പുരയിടങ്ങളിൽ റബർമരങ്ങൾ വച്ചുപിടിപ്പിച്ചു് തങ്ങളുടെ സ്ഥിരംവരുമാനം വർദ്ധിപ്പിക്കുന്നതിനു വായ്പ നൽകി സഹായിക്കുന്ന പ്രസ്തുത പദ്ധതിക്കു ജർമ്മനിയിലെ മിസരയോർ സംഘടനയുടെ സഹായമുണ്ടായിട്ടുണ്ട്. റബർമരങ്ങൾ വളർന്നു് ആദായം നൽകി തുടങ്ങുമ്പോൾ മാത്രം പലിശയില്ലാതെ തിരിച്ചടയ്ക്കേണ്ടതാണ് ഈ വായ്പ.

തങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ചെറുകിട കർഷകരെ സഹായിക്കുന്ന മറെറാന്നാണ് ജലസേചന പദ്ധതികൾ. ഉദാഹരണമായി നീണ്ടൂർ, പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിപ്രകാരം നാനാജാതി മതസ്ഥരായ 300-ൽപരം ചെറുകർഷകർക്കു് തങ്ങളുടെ കൃഷിഭൂമി മെച്ചപ്പെടുത്താൻ ഈ പദ്ധതിപ്രകാരം സാധിക്കുന്നു. ഈ പദ്ധതികൾക്കും മിസരയോർ സംഘടന സഹായം നൽകുന്നുണ്ടെന്നതു് പ്രസ്താവ്യമാണ്.

യാതൊരു വിദേശസഹായവും കൂടാതെ കാര്യക്ഷമമായി നടക്കുന്ന രൂപതയിലെ ഒരു പ്രധാനപദ്ധതിയാണ് സ്കോളർഷിപ്പ് സ്കീം. തൊഴിൽ സമ്പാദിച്ചു് ദാരിദ്ര്യം അകററുവാൻ യുവാക്കളെ സഹായിക്കുവാൻ ഏററം പററിയതു് വിവിധ തരത്തിലുള്ള ഉന്നതവിദ്യാഭ്യാസമാണെന്നു മനസ്സിലാക്കികൊണ്ടു് പ്രതിവർഷം ഏതാണ്ടു് 25000/– രൂപയോളം സാമ്പത്തികശേഷി കുറഞ്ഞവരും പഠനശേഷികൂടിയവരുമായ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി നൽകിക്കൊണ്ടിരിക്കുന്നു. രൂപതയിലെ കോളേജുകളിൽ അദ്ധ്യാപനം നടത്തുന്ന ബ. വൈദികരുടെയും കന്യാസ്ത്രീകളുടെയും ശമ്പളത്തിൽനിന്നും തുച്ഛമായ ഒരുതുകമാത്രം അവർ സ്വീകരിച്ചുകൊണ്ടു് ബാക്കി ഇതിലേയ്ക്കു് സ്വമേധയാ നൽകുന്നതുകൊണ്ടാണ് ഈ പദ്ധതിയുടെ ചെലവിന്റെ മുഖ്യപങ്കം വഹിയ്ക്കപ്പെടുന്നതു്. സഹായം സ്വീകരിച്ചു് പഠിച്ചവർ ജോലിയിലാകുമ്പോൾ തങ്ങൾക്കുലഭിച്ച തുകയോളമെങ്കിലും വിദ്യാഭ്യാസ നിധിയിലേക്കു് അടച്ചു് അങ്ങനെ ക്രമേണ അനതിവിദൂരഭാവിയിൽ രൂപതയിലെ എല്ലാ അർഹിയ്ക്കുന്ന വിദ്യാർത്ഥികൾക്കും സഹായം നൽകുവാൻ സാധിതമാകത്തക്കവിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതു്.

കൈത്തൊഴിലിനു് പരിശീലനം നൽകുന്നതോടൊപ്പം സാധുപെൺകുട്ടികൾക്കു് കൈത്തൊഴിൽ ചെയ്തു് ഉപജീവനം നേടുന്നതിനു് അവസരം നൽകുകകൂടി ചെയ്യുന്ന ഉഴവൂരും കുണ്ണുകരയുമുള്ള കൈത്തൊഴിൽ കേന്ദ്രങ്ങളും, പേരൂർ മന്നാമലയിലുള്ള പോളിറെറക്നിക്കും, കിടങ്ങൂർ കൊച്ചുലൂർദ്ദിലെ ഇൻഡസ്ട്രിയൽ സ്കൂളും മേൽപ്രസ്താവിച്ച സാമൂഹ്യ സമീപനത്തിനു് വേറെ ഉദാഹരണങ്ങളാണ്.